പത്രക്കുറിപ്പ്
01-12-2018

സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കി കുടുംബശ്രീ:

# കേരള യൂണിവേഴ്സിറ്റി സൈക്കോളജി വിഭാഗവുമായി ചേർന്ന് കുടുംബശ്രീ കമ്യൂണിറ്റി കൗൺസിലർമാർക്ക് പരിശീലനം

തിരുവനന്തപുരം: കേരള യൂണിവേഴ്സിറ്റി സൈക്കോളജി വിഭാഗവുമായി ചേർന്ന് കുടുംബശ്രീ കമ്യൂണിറ്റി കൗൺസിലർമാർക്ക് പരിശീലനം നൽകുന്നു. കുടുംബശ്രീയുടെ കീഴിലുള്ള മുന്നൂറ്റി അമ്പത് കമ്യൂണിറ്റി കൗൺസിലർമാർക്ക് അഞ്ച് ദിവസത്തെ റസിഡൻഷ്യൽ പരിശീലനമാണ് നൽകുക. ഇതുപ്രകാരം ഒമ്പതു ബാച്ചുകൾ പരിശീലന പരിപാടിയിൽ പങ്കെടുക്കും.

കൗൺസലിങ്ങ് രംഗത്ത് കൂടുതൽ പ്രഫഷണലിസം കൈവരുത്തുന്നതിനും തൊഴിൽ വൈദഗ്ധ്യം വർധിപ്പിക്കുന്നതിന്റെയും ഭാഗമായാണ് കമ്യൂണിറ്റി കൗൺസിലർമാർക്ക് വിദഗ്ധ പരിശീലനം നൽകുന്നത്. കുടുംബശ്രീയുടെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ ഊർജിപ്പെടുത്തുന്നതിനു കൂടിയാണിത്. കേരള യൂണിവേഴ്സിറ്റിയിലെ സൈക്കോളജി വിഭാഗത്തിനു പുറമേ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ സേവനമനുഷ്ഠിക്കുന്ന പ്രമുഖ സൈക്കോളജിസ്റ്റുകളും മറ്റു വിദഗ്ധരും ചേർന്നു നയിക്കുന്ന നൂറ്റി അമ്പതോളം സെഷനുകൾ പരിശീലനത്തിന്റെ ഭാഗമായി നടത്തും. പരിശീലനം നേടുന്ന കമ്യൂണിറ്റി കൗൺസിലർമാർ വഴി സംസ്ഥാനത്ത് കുടുംബശ്രീ കുടുംബാംഗങ്ങൾക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കിക്കൊണ്ട് ഇവരുടെ മാനസികാരോഗ്യവും പ്രശ്നങ്ങളെയും പ്രതിസന്ധികളെയും നേരിടാനും കൈകാര്യം ചെയ്യാനുമുള്ള കഴിയും ലഭ്യമാക്കുകയാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്.

നിലവിൽ വിവിധ തരത്തിലുള്ള അതിക്രമങ്ങൾക്കിരയായി കുടുംബശ്രീ 'സ്നേഹിത'യിൽ എത്തുന്നവർക്കാവശ്യമായ കൗൺസിലിങ്ങ്, കൂടാതെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന കുടുംബശ്രീയുടെ ജെൻഡർ റിസോഴ്സ് സെന്ററുകൾ, വാർഡുതലത്തിൽ പ്രവർത്തിക്കുന്ന വിജിലന്റ് ഗ്രൂപ്പുകൾ എന്നിവയ്ക്കൊപ്പം ചേർന്നു കൊണ്ടും കൗൺസലിങ്ങ് സേവനങ്ങൾ നൽകുന്നുണ്ട്. കൂടാതെ ഫാമിലി കൗൺലിങ്ങും കുടുംബപ്രശ്നങ്ങൾ കാരണം പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാത്ത വിദ്യാർത്ഥികൾ, പരീക്ഷയെ കുറിച്ചുള്ള ഭയം കാരണം മാനസിക സമ്മർദം അനുഭവിക്കുന്ന വിദ്യാർത്ഥികൾ എന്നിവർക്കും ആവശ്യമായ കൗൺസലിങ്ങ് നൽകി വരുന്നുണ്ട്. സംസ്ഥാനം അതിരൂക്ഷമായ പ്രളയക്കെടുതികൾ നേരിട്ട് കിടപ്പാടവും ഉപജീവനമാർഗവും ഉൾപ്പെടെ എല്ലാം നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയേണ്ടി വന്ന 32000 പേർക്ക് കുടുംബശ്രീയുടെ കമ്യൂണിറ്റി കൗൺസിലർമാരുടെ സേവനം ലഭ്യമാക്കിയത് ഏറെ ശ്രദ്ധേയമായിരുന്നു.

പരിശീലന പരിപാടി ഡിസംബർ മൂന്നിന് കാര്യവട്ടം കാമ്പസിലെ ജൂബിലി ഹാളിൽ ഹരിതമിഷൻ ഉപാധ്യക്ഷയും കുടുംബശ്രീ ഭരണനിർവഹണ സമിതി അംഗവുമായ ഡോ.ടി.എൻ.സീമ ഉദ്ഘാടനം ചെയ്യും. കേരള സർവകലാശാല സൈക്കോളജി വിഭാഗം തലവൻ ഡോ. ജാസീർ. ജെ അധ്യക്ഷത വഹിക്കും. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ മുഖ്യ പ്രഭാഷണം നടത്തും. ചൈൽഡ് ഡെവലപ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ബാബു ജോർജ് മുഖ്യാതിഥിയായിരിക്കും. ഡോ.ടിസി മറിയം തോമസ് പരിശീലന പരിപാടിയെ സംബന്ധിച്ച് വിശദീകരിക്കും.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ